"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - നാളികേര വികസന പദ്ധതി - വിത്തുതേങ്ങാസംഭരണവും, തെങ്ങിൻതൈ ഉത്പാദനവും - പോളിനേഷൻ തൊഴിലാളികളെയും സൂപ്പർവൈസറി സ്റ്റാഫിനെയും നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വകുപ്പ്**

സ.ഉ.(സാധാ) നം.1046/2022/AGRI തീയതി,തിരുവനന്തപുരം, 24-11-2022

പരാമർശം:-

1. സ.ഉ.(സാധാ) നം. 722/2022/അഗ്രി, തീയതി 09.08.2022
2. സ.ഉ.(സാധാ) നം. 498/2021/അഗ്രി, തീയതി 16.06.2021
3. സ.ഉ.(പി) നം. 81/2019/ധന, തീയതി 09.07.2019
4. സ.ഉ.(പി) നം. 29/2021/ധന, തീയതി 11.02.2021
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.09.2022 തീയതിയിലെ ADFW/3058/2022-TH2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം 2022-23 വാർഷിക പദ്ധതിയായ നാളികേര വികസന കൗൺസിലിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം വിത്തുതേങ്ങാസംഭരണവും, തെങ്ങിൻതൈ ഉത്പാദനവും എന്ന ഘടകത്തിനായി 1730 ലക്ഷം രൂപ വകയിരുത്തുകയും, ഇതിൽ അത്യന്തം സൂക്ഷ്മതയോടെ നടത്തേണ്ട വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സൂപ്പർവൈസറി സ്റ്റാഫിന് ഹോണറേറിയം ഇനത്തിൽ 86 ലക്ഷം രൂപയും പോളിനേഷൻ തൊഴിലാളികളുടെ ഇൻഷ്വറൻസിനായി 0.15 ലക്ഷം രൂപയും വകയിരുത്തുവാൻ സർക്കാർ അനുമതി നൽകിയിരുന്നു.

2) പരാമർശം (2) പ്രകാരം 2019-20 മുതൽ വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്ക് സൂപ്പർവൈസറി സ്റ്റാഫ്, പോളിനേഷൻ തൊഴിലാളികൾ എന്നിവരെ 25,000/- രൂപ പ്രതിമാസ ഹോണറേറിയം തുകയുടെ അടിസ്ഥാനത്തിൽ നിയോഗിച്ചു വരുന്നു. ഡിസംബർ മുതൽ മെയ് 31 വരെയാണ് വിത്തുതേങ്ങാ സംഭരണ കാലയളവ്. കോഴിക്കോട് ജില്ലയിലെ വടകര വിത്തുവികസന യൂണിറ്റ്, തൃശ്ശൂർ ചാവക്കാട് വിത്തുവികസന യൂണിറ്റ്, TXD പോളിനേഷൻ യൂണിറ്റ്, ചാലോട് എന്നിവയുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും 20 ലക്ഷം വിത്തുതേങ്ങാ സംഭരണം നടത്തുകയും അവ കൃഷിവകുപ്പ് ഫാമുകളിൽ പാകി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുകയുമാണ് ചെയ്തു വരുന്നത്.

3) പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ നാളികേര വികസന പദ്ധതിയുടെ ഭാഗമായി വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 64 സൂപ്പർവൈസറി സ്റ്റാഫിനെ പ്രതിമാസം 25,000/- രൂപ ഹോണറേറിയം വ്യവ്യസ്ഥയിൽ നിയമിക്കുവാനും പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം നിയമനം നല്കി മാർച്ച് 31-ന് ശേഷവും

ജോലിയിൽ തുടർന്ന ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക ഇനത്തിൽ 17.33899 ലക്ഷം രൂപ ഹോണറേറിയം ഇനത്തിൽ മാറ്റിവയ്ക്കപ്പെട്ട 86 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തുന്നതിനായും അനുമതി അഭ്യർഥിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയ നാളികേര വികസന കൗൺസിൽ പദ്ധതി 2022-23 ലെ വിത്ത് തേങ്ങാ സംഭരണവുമായി ബന്ധപ്പെട്ട്, 'Honararium for supervisory staff' എന്ന ഘടകത്തിനായി 64 പേരെ പ്രതിമാസം 25000/- രൂപ നിരക്കിൽ നിയമിക്കുന്നതിന്റെ ഹോണറേറിയം നിരക്കും കുടിശ്ശികത്തുകയും ഉൾപ്പെടെ 86 ലക്ഷം രൂപ 2401-00-103-87 നാളികേര വികസനം എന്ന ശീർഷകത്തിൽ വിത്തുതേങ്ങാസംഭരണവും, തെങ്ങിൻതൈ ഉത്പാദനവും എന്ന ഘടകത്തിനായി മാറ്റി വച്ചിട്ടുള്ള 1730 ലക്ഷം രൂപയിൽ നിന്ന് ചിലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ-കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-ബി) വകുപ്പ് ()അനൗദ്യോഗിക കുറിപ്പ് 2103822/Agri-B1/239/2022-FIN, തീയതി 18.11.2022 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 25-11-2022 11:09:37**

സെക്ഷൻ ഓഫീസർ